## 15 -ാം കേരള നിയമസഭ

## 13 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1448** **12-02-2025 - ൽ മറുപടിയ്ക്ക്**

### കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിനു നൽകിയ ധനസഹായം സംബന്ധിച്ച്

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ വി ശശി** | | **ശ്രീ വി ശിവൻകുട്ടി<br>(പൊതുവിദ്യാഭ്യാസ-തൊഴിൽ വകുപ്പ് മന്ത്രി)** | |
| (എ) | 1990 ൽ സ്ഥാപിതമായ കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് നാളിതുവരെ എത്ര തുക ധനസഹായമായി നൽകിയെന്ന് വ്യക്തമാക്കാമോ; | (എ) | കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡ് സ്ഥാപിതമായതു മുതൽ നാളിതുവരെയായി 325,34,88,000/- രൂപ (മുന്നൂറ്റി ഇരുപത്തിയഞ്ച് കോടി മുപ്പത്തിനാല് ലക്ഷത്തി എൺപത്തിയെട്ടായിരം രൂപ മാത്രം) ബോർഡിന് സർക്കാർ അനുവദിച്ച് നൽകിയിട്ടുണ്ട്. |
| (ബി) | നൽകിയ തുകയുടെ വർഷം തിരിച്ചുള്ള കണക്കും എന്തിനത്തിലാണ് തുക നൽകിയതെന്ന വിവരവും വിശദമാക്കാമോ; | (ബി) | അംശദാനം ഇനത്തിലാണ് ബോർഡിന് സർക്കാർ തുക അനുവദിച്ചിട്ടുള്ളത്. അതിന്റെ വർഷം തിരിച്ചുള്ള കണക്ക് ചുവടെ ചേർക്കുന്നു. |

| **വർഷം** | **അനുവദിച്ച തുക** |
|---|---|
| 1990-91 | 15,00,000 |
| 2001-02 | 5,00,00,000 |
| 2006-07 | 1,00,000 |
| 2007-08 | 3,95,75,000 |
| 2008-09 | 5,00,00,000 |
| 2009-10 | 75,50,00,000 |
| 2010-11 | 40,45,00,000 |
| 2011-12 | 61,00,000 |
| 2012-13 | 61,00,000 |
| 2013-14 | 76,17,000 |
| 2014-15 | 76,17,000 |
| 2015-16 | 83,79,000 |
| 2016-17 | 85,00,000 |
| 2017-18 | 30,85,00,000 |
| 2018-19 | 100,00,00,000 |
| 2021-22 | 20,00,00,000 |

<table>
<tr>
<td></td>
<td></td>
<td></td>
<td>
<table>
<tr><td>2022-23</td><td>20,00,00,000</td></tr>
<tr><td>2023-24</td><td>10,00,00,000</td></tr>
<tr><td>2024-25</td><td>10,00,00,000</td></tr>
<tr><td>ആകെ</td><td>325,34,88,000/-</td></tr>
</table>
</td>
</tr>
<tr>
<td>(സി)</td>
<td>വിവിധ ഇനങ്ങളിലായി നൽകേണ്ട കുടിശ്ശിക തുക എത്രയാണെന്നും അത് എന്ന് കൊടുത്തു തീർക്കാനാകുമെന്നും വ്യക്തമാക്കാമോ?</td>
<td>(സി)</td>
<td>
കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിൽ കുടിശ്ശികയായ ആനുകൂല്യങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു.
<table>
<tr><th>ഇനം</th><th>ശേഷിക്കുന്ന അപേക്ഷകളുടെ എണ്ണം</th><th>ആവശ്യമായ തുക</th></tr>
<tr><td>അധിവർഷാനുകൂല്യം</td><td>3,21,287</td><td>493,28,91,875</td></tr>
<tr><td>വിവാഹ ധനസഹായം</td><td>7,832</td><td>1,91,65,000</td></tr>
<tr><td>പ്രസവ ധനസഹായം</td><td>4,763</td><td>7,14,45,000</td></tr>
</table>
സർക്കാർ ബജറ്റിൽ വകയിരുത്തി കേരള കർഷക തൊഴിലാളി ക്ഷേമനിധി ബോർഡിന് ലഭ്യമാക്കുന്ന തുകയും ബോർഡിന്റെ തനത് വരുമാനവും ഉപയോഗിച്ച് അധിവർഷാനുകൂല്യം വിതരണം ചെയ്തുവരുന്നുണ്ട്. വിവാഹ ധനസഹായമിനത്തിലെ അപേക്ഷകൾ ബോർഡിന്റെ തനത് വരുമാനം ഉപയോഗിച്ചും, പ്രസവ ധനസഹായ അപേക്ഷകൾ സർക്കാരിൽ നിന്നും പ്രതിപൂരണം ചെയ്ത് ലഭ്യമാകുന്ന തുക ഉപയോഗിച്ചും വിതരണം ചെയ്തുവരുന്നു. ബോർഡിൽ നിന്നും അനുവദിക്കുന്ന മറ്റു ക്ഷേമാനുകൂല്യങ്ങളായ ചികിത്സാ ധനസഹായം, മരണാനന്തര ധനസഹായം, മാരകരോഗ അധിവർഷാനുകൂല്യം, വിദ്യാഭ്യാസ-ഉന്നത വിദ്യാഭ്യാസ ആനുകൂല്യം എന്നിവ അപേക്ഷ ലഭ്യമാകുന്ന മുറയ്ക്ക് വിതരണം ചെയ്തുവരുന്നുണ്ട്.
</td>
</tr>
</table>

സെക്ഷൻ ഓഫീസർ